**സർക്കുലർ**

145/NSS/DHSE/2017 25/10/2017

**ഗാന്ധി യുവസംഗമം**

മഹാത്മ ഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഡൽഹി ആസ്ഥാനമായ ഗാന്ധി സ്മൃതി & ദർശൻ സമിതിയും, കേരള ഗാന്ധി സ്മാരക നിധിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഗാന്ധി യുവസംഗമം 2017 ഡിസംബർ 8,9,10 തീയതികളിൽ തിരുവനന്തപുരം തൈക്കാട് ഗാന്ധിഭവനിൽ നടക്കുന്നു.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് 200 യുവതീയുവാക്കൾ പങ്കെടുക്കുന്ന 3 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ് ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങൾ വഴി സാമൂഹിക പരിവർത്തനവും, വ്യക്തിത്വ വികസനവും പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ സഹവാസ ക്യാമ്പിന്റെ ലക്ഷ്യം. ഭക്ഷണം, യാത്ര ചെലവ്, താമസം എന്നിവ ഏർപ്പാടാക്കിയിട്ടുണ്ട്. 16 നും 30 നും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷിക്കുന്നവർ ഇത്തരത്തിലുള്ള ക്യാമ്പിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് 250 വാക്കിൽ കുറയാതെ ബയോഡേറ്റ സഹിതം 2017 നവംബർ 15 നകം കോർഡിനേറ്റർ, ഗാന്ധി യുവ സംഗമം 2017, കേരള ഗാന്ധി സ്മാരക നിധി, ഗാന്ധി ഭവൻ, തൈക്കാട്, തിരുവനന്തപുരം - 695 014, ഫോൺ 0471 2321786 ഇമെയിൽ keralagandhismarakanidhi@gmail.com എന്ന വിലാസത്തിൽ അയയ്ക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് യാത്രാക്കൂലി( സെക്കന്റ് ക്ലാസ് സ്ലീപ്പർ(റെയിൽവേ) ഫാസ്റ്റ്/ഫാസ്റ്റ് പാസഞ്ചർ നോൺ എ.സി ബസ് ) നൽകുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ